(ബി) പാലത്തിൽ ഇതു സംബന്ധിച്ച ശിലാഫലകം സ്ഥാപിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ശിലാഫലകം സ്ഥാപിക്കാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീമൂലനഗരം പാലത്തിന്റെ ഉദ്ഘാടനം 15-2-2011-ലാണ് നിർവ്വഹിച്ചത്.

(ബി) ഇല്ല.

(സി) പ്രാദേശികമായ കാരണങ്ങളാൽ ശിലാഫലകം സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.

പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ

282(1353) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തീകരിച്ച പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിർമ്മാണം പൂർത്തീകരിച്ച പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലേക്കുവേണ്ടി 2,78,020 രൂപ ചെലവിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കി അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

മുല്ലശ്ശേരി പാലം ഗതാഗതയോഗ്യമാക്കാൻ നടപടി

283(1354) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ-മുല്ലശ്ശേരി പി.ഡബ്യു.ഡി. റോഡിലെ മുല്ലശ്ശേരി പാലം കാലപ്പഴക്കത്താൽ തകർന്ന് ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പുതുക്കി പണിയുന്നതിന് എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജനസാന്ദ്രത കൂടിയ തീരദേശ റോഡിലെ പാലം എന്ന പരിഗണന നൽകി എത്രയും വേഗം ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത പാലം പുതുക്കി പണിയുന്നതിനായി 2.85 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇതിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണ പ്രവർത്തനങ്ങൾ

284(1355) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കളിക്കടവ്, മണക്കായിക്കടവ്, അരേങ്ങാട് പുഴ എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

കളിക്കടവ് പാലം നിർമ്മാണത്തിനായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനായി സ്ഥലം ഉടമകളുമായി ചർച്ച നടത്തിവരുന്നു.

മണക്കായിക്കടവ് പാലത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അരേങ്ങാട് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചു.

സംസ്ഥാനത്തെ ദേശീയപാത വികസനം

285(1356) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ ദേശീയപാതയുണ്ട്; നാല് വരി പാതയാക്കി ദേശീയപാതയെ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly